# പതിനഞ്ചാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം II

## 2024 ജൂൺ 9

നമ്പർ : 509

**<u>കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ അനുബന്ധം I ആയ ഡയറക്ഷനുകളിലെ ഭേദഗതികളും പുതിയതായി പുറപ്പെടുവിച്ച ഡയറക്ഷനുകളും - സംബന്ധിച്ച്</u>**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾക്ക് കാലോചിതമായ ഭേദഗതികൾ ശിപാർശ ചെയ്യുകൊണ്ടുള്ള ചട്ടങ്ങൾ സംബന്ധിച്ച സമിതി (2023-2026) - യുടെ രണ്ടാമത് റിപ്പോർട്ട് 2024 ഫെബ്രുവരി 14 - ാം തീയതി സഭയിൽ സമർപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു. അപ്രകാരം ചട്ടങ്ങൾ ഭേദഗതി ചെയ്യപ്പെട്ടതിനെത്തുടർന്ന് അനുബന്ധം I - ൽ ചേർത്തിട്ടുള്ള ഡയറക്ഷനുകളിലും തദനുസൃതമായ മാറ്റങ്ങൾ അനിവാര്യമായിത്തീരുകയുണ്ടായി. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ നാളിതുവരെ വരുത്തിയ ഭേദഗതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡയറക്ഷനുകളിൽ ബഹുമാനപ്പെട്ട സ്പീക്കർ വരുത്തിയിട്ടുള്ള മാറ്റങ്ങളും പുതിയതായി പുറപ്പെടുവിച്ച ഡയറക്ഷനുകളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

**1) ഡയറക്ഷൻ 1** – നിലവിൽ ഒരംഗത്തിന് മൂന്ന് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ വരെ അനുവദിക്കുന്ന ചട്ടം 27A നിലവിലുള്ളതിനാൽ ഈ ഡയറക്ഷനിലെ ഇനം (j) യിലുള്ള "two" എന്ന വാക്കിന് പകരം "three" എന്ന വാക്ക് ചേർത്തിരിക്കുന്നു.

**2) ഡയറക്ഷൻ 2** - ഈ ഡയറക്ഷനിൽ ഉൾപ്പെടുത്തിയിരുന്ന വ്യവസ്ഥകൾ ചട്ടം 33A ആയി നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അനുബന്ധം I - ലെ ഡയറക്ഷനുകളിൽ നിന്നും രണ്ടാം നമ്പർ ഡയറക്ഷൻ ഒഴിവാക്കിയിരിക്കുന്നു.

**3) ഡയറക്ഷൻ 3** - ഇതിലെ വ്യവസ്ഥകൾ നിലവിലെ നടപടിക്രമങ്ങളനുസരിച്ച് അപ്രസക്തമായിത്തീർന്നതിനാൽ ആയത് ഡയറക്ഷനുകളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

764/24

**4) ഡയറക്ഷൻ 5** - ഡയറക്ഷൻ അഞ്ചിന്റെ 5 - ാം ഖണ്ഡികയിൽ ചേർത്തിരുന്ന വ്യവസ്ഥകൾ 224 - ാം ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഡയറക്ഷന്റെ 5 - ാം ഖണ്ഡിക ഒഴിവാക്കിയിരിക്കുന്നു.

**5) ഡയറക്ഷൻ 7** - ഡയറക്ഷൻ നമ്പർ ഏഴിന്റെ 2 - ാം ഖണ്ഡികയിലെ വ്യവസ്ഥകൾ ചട്ടം 235(ബി) ആയും, 5 - ാം ഖണ്ഡികയിലെ വ്യവസ്ഥകൾ ചട്ടം 235(എ) ആയും ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ഡയറക്ഷനിലെ 2, 5 എന്നീ ഖണ്ഡികകൾ ഒഴിവാക്കിയിരിക്കുന്നു. കൂടാതെ, 3 - ാം ഖണ്ഡികയിലെ "fifty copies" എന്ന വാക്കിന് പകരം "forty copies" എന്ന വാക്ക് ചേർത്തിരിക്കുന്നു.

**6) ഡയറക്ഷൻ 10** - കേരള നിയമസഭയുടെ നിലവിലെ നടപടിക്രമങ്ങളനുസരിച്ച് ഈ ഡയറക്ഷന്റെ ഭാഗം II - ലെ 2, 4 എന്നീ ഖണ്ഡികകൾ അപ്രസക്തമാണെന്നതിനാൽ അവ ഒഴിവാക്കിയിരിക്കുന്നു.

**7) ഡയറക്ഷൻ 12** - ഡയറക്ഷൻ 12 - ലെ വ്യവസ്ഥകൾ ചട്ടം 166A ആയി നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഡയറക്ഷൻ അനുബന്ധം I - ൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

**8) ഡയറക്ഷൻ 14** - നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട 14 - ാം നമ്പർ ഡയറക്ഷൻ ഒഴിവാക്കുകയും പകരമായി താഴെപ്പറയുന്ന പുതിയ ഡയറക്ഷൻ പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു.

**Direction No. 26**

" **Legislature Committees – Making available reports of Legislature Committees to Government**

The reports of all Legislature Committees shall be made available in the official website of the Legislative Assembly and the e-Niyamasabha application as soon as they are presented in the House. The Secretary of the concerned department shall be immediately informed about the publication of such reports in the official website of the Legislative Assembly.

(മലയാള പരിഭാഷ)

<u>നിയമസഭാ സമിതികൾ - നിയമസഭാ സമിതികളുടെ റിപ്പോർട്ടുകൾ ഗവൺമെന്റിന് ലഭ്യമാക്കൽ</u>

എല്ലാ നിയമസഭാ സമിതികളും അവയുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചാലുടൻതന്നെ അത് നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിലും, ഇ-നിയമസഭ ആപ്ലിക്കേഷനിലും ലഭ്യമാക്കേണ്ടതും ഇപ്രകാരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയെ ഉടൻതന്നെ അറിയിക്കേണ്ടതുമാണ്.".

9) ഡയറക്ഷൻ 17 - ഈ ഡയറക്ഷനിലെ വ്യവസ്ഥകൾ ചട്ടം 166A ആയി നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഡയറക്ഷൻ 17 അനുബന്ധം I - ൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

10) ഡയറക്ഷൻ 19 - ഡയറക്ഷൻ 19 - ലെ വ്യവസ്ഥ ചട്ടം 233(2) - ന്റെ രണ്ടാം പ്രൊവൈസോ ആയി നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഡയറക്ഷൻ അനുബന്ധം I – ൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

11) ഡയറക്ഷൻ 22 - ഡയറക്ഷൻ 22 – ലെ വ്യവസ്ഥ ചട്ടം 238(3) ആയി നിയമസഭാ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഡയറക്ഷൻ അനുബന്ധം I - ൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

12) ഡയറക്ഷൻ 25 – ഡയറക്ഷൻ 25 – ലെ വ്യവസ്ഥകൾ ചട്ടം 238 – ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ഡയറക്ഷൻ അനുബന്ധം I – ൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

13) ബഹു. മന്ത്രിമാർ ചോദ്യങ്ങൾക്കു നൽകിയ ഉത്തരങ്ങളിൽ പിശക് ബോധ്യപ്പെടുന്ന സന്ദർഭങ്ങളിൽ തിരുത്തൽ വരുത്തിയ ഉത്തരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി

764/24

അനുമതി തേടാറുണ്ട്. എന്നാൽ നടപടിക്രമങ്ങളിൽ ഇക്കാര്യം സംബന്ധിച്ച് പ്രത്യേക വ്യവസ്ഥകളൊന്നും തന്നെ നിലവിലില്ല. ഈ സാഹചര്യത്തിൽ മന്ത്രിമാർ ചോദ്യങ്ങൾക്ക് നൽകിയ മറുപടി തിരുത്തേണ്ടിവരുന്ന സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള താഴെപ്പറയുന്ന പുതിയ ഡയറക്ഷൻ പുറപ്പെടുവിക്കുന്നു.

**Direction No. 27**

## " Procedure to be followed for the correction of Answer given to the Assembly Question

In cases where a correction is required to an answer given in the Assembly to a Starred or Unstarred Question, the Minister shall inform the matter to the Speaker and seek his permission to lay the corrected version of the reply on the Table of the House. Tv ;o copies each of the earlier reply and the corrected reply shall be attached to the letter seeking permission for laying the revised reply. On the appointed day, at the end of Question hour, Speaker shall call upon the Minister to make a statement regarding the laying of the corrected reply on the Table of the House:

Provided that if permission is granted for the correction of a question in the list of Starred Questions, the matter shall be included in the List of Business of that day:

Provided further that, if such Starred Question was one that was orally answered on the floor of the House, the Speaker may permit the Member or Members in whose name the Question was included in list of Starred Questions, to ask one or two supplementary questions to the minister only on the basis of the corrected reply.

(മലയാള പരിഭാഷ)

## ചോദ്യങ്ങൾക്ക് നൽകിയ ഉത്തരത്തിൽ തിരുത്തൽ വരുത്തുന്നതു സംബന്ധിച്ച് അനുവർത്തിക്കേണ്ട നടപടിക്രമം

നിയമസഭാ ചോദ്യങ്ങൾക്ക് ലഭ്യമാക്കിയ മറുപടികളിൽ തിരുത്തൽ ആവശ്യമുള്ള പക്ഷം ബന്ധപ്പെട്ട മന്ത്രി പ്രസ്തുത വിവരം സ്പീക്കറെ രേഖാമൂലം അറിയിക്കേണ്ടതും അവ സഭയിൽ

വയ്ക്കുന്നതിന് അനുമതി തേടേണ്ടതുമാണ്. അതോടൊപ്പം മുൻപ് ലഭ്യമാക്കിയ മറുപടിയുടെയും തിരുത്തൽ വരുത്തിയ മറുപടിയുടെയും രണ്ടുവീതം പകർപ്പുകൾ ലഭ്യമാക്കേണ്ടതാണ്. അപ്രകാരം ലഭ്യമാക്കുന്ന പുതുക്കിയ മറുപടി സഭയിൽ സമർപ്പിക്കുന്നതിന് അനുവദിക്കപ്പെട്ട ദിവസം ചോദ്യോത്തരവേള അവസാനിച്ചതിനുശേഷം സ്പീക്കർ ക്ഷണിക്കുമ്പോൾ ഉത്തരത്തിൽ തിരുത്തൽ വരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതായുള്ള പ്രസ്താവന ആ മന്ത്രി നടത്തേണ്ടതാണ്.

എന്നാൽ അപ്രകാരം ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനുള്ള മറുപടിയുടെ തിരുത്തലിനാണ് അനുമതി നൽകപ്പെട്ടതെങ്കിൽ അതു സംബന്ധിച്ച വിവരം അനുവദിക്കപ്പെട്ട ദിവസത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്.

എന്നു മാത്രമല്ല സഭയിൽ വാക്കാൽ മറുപടി നൽകപ്പെട്ട ഒരു നക്ഷത്രചിഹ്നമിട്ട ചോദ്യത്തിനുള്ള മറുപടിക്കാണ് തിരുത്തൽ വരുത്തേണ്ടതെങ്കിൽ ലിസ്റ്റിൽ ആരുടെ പേരിലാണോ ചോദ്യം ഉൾപ്പെടുത്തിയിരുന്നത് ആ അംഗത്തിന് അല്ലെങ്കിൽ അംഗങ്ങൾക്ക് തിരുത്തൽ വരുത്തിയ മറുപടിയുടെ അടിസ്ഥാനത്തിൽ മാത്രം ഒന്നോ രണ്ടോ ഉപചോദ്യം ചോദിക്കുന്നതിന് സ്പീക്കർക്ക് അനുമതി നൽകാവുന്നതാണ്. ".

ഡോ. എൻ. കൃഷ്ണ കുമാർ,

സെക്രട്ടറി.